തൊട്ടുമുമ്പ് വായ്പ തിരിച്ചടവിൽ മുതലിനത്തിൽ 6 മാസത്തിലധികം കുടിശ്ശിക വരുത്താൻ പാടില്ല. മരിച്ചുപോകുന്ന വായ്പക്കാരന്റെ വായ്പയിൽ ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും റിസ്ക് ഫണ്ട് പദ്ധതി പ്രകാരം നൽകുന്നു. കൂടാതെ ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗംമൂലം ഡയാലിസിസിന് വിധേയരാകുന്നവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവർ, പക്ഷാഘാതംമൂലമോ, അപകടം മൂലമോ ശരീരം തളർന്നവർ, എയ്ഡ്സ് രോഗം ബാധിച്ചവർ തുടങ്ങി മാരക രോഗം ബാധിച്ചവർക്ക് വായ്പാ കുടിശ്ശിക ബാധകമാക്കാതെ വായ്പാ മുതലിനത്തിൽ പരമാവധി 75,000/ രൂപയും റിസ്ക് ഫണ്ട് പദ്ധതി പ്രകാരം അനുവദിക്കുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ (31-5-2015 വരെ) റിസ്ക് ഫണ്ട് പദ്ധതി പ്രകാരം 16,909 അപേക്ഷകളിലായി 113,62,48,952 രൂപ (നൂറ്റിപതിമൂന്ന് കോടി അറുപത്തിരണ്ട് ലക്ഷത്തി നാൽപ്പത്തെട്ടായിരത്തി തൊള്ളായിരത്തി അൻപത്തി രണ്ട് രൂപ) ധനസഹായം അനുവദിച്ചിട്ടുണ്ട്.

സഹകരണ സ്ഥാപനങ്ങളുടെ നവീകരണം

104 (449) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സ്ഥാപനങ്ങളുടെ നവീകരണത്തിനും വികസനത്തിനുമായി പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) പി.പി.പി. പദ്ധതികൾക്ക് നൽകുന്ന സഹായം പോലും സഹകരണ സംഘങ്ങൾക്ക് നൽകാത്തത് എന്തുകൊണ്ടാണ് ;

(സി) സഹകരണ സംഘങ്ങൾക്ക് പുതിയ പദ്ധതികൾ നടപ്പാക്കുന്നതിനും വികസിപ്പിക്കുന്നതിനും സർക്കാർ വക ഭൂമിയും സ്ഥാപനങ്ങളും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സഹകരണ സ്ഥാപനങ്ങളുടെ നവീകരണത്തിനും വികസനത്തിനുമായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന പദ്ധതി

സഹകരണ സംഘങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനുമുള്ള ധനസഹായം

പ്രസ്തുത പദ്ധതി പ്രകാരം പ്രായോഗികമായ വാണിജ്യ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്ന സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകി വരുന്നുണ്ട്. നല്ല പ്രവർത്തന നിലവാരമുള്ള വിവിധ തരത്തിലുള്ള സംഘങ്ങൾക്ക് അവരുടെ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക സഹായം നൽകിവരുന്നു.

മാതൃകാ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം

സഹകരണ മേഖലയിലെ നൂതന പദ്ധതി പ്രവർത്തനങ്ങളെ/ കണ്ടുപിടിത്തങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും മാതൃകാ സഹകരണ സംഘങ്ങളുടെ പ്രോത്സാഹനത്തിനുമായി സഹായം നൽകിവരുന്നു.

മറ്റ് സഹകരണ സംഘങ്ങൾ

ഉപകരണസജ്ജമായ മണ്ണ് പരീക്ഷണശാലകളും കൃഷിയുമായി ബന്ധപ്പെട്ട പരീക്ഷണശാലകളും തുടങ്ങുന്നതിനായി വേണ്ട സഹായം നൽകിവരുന്നു.

നല്ല സജ്ജീകരണങ്ങളുള്ള മെഡിക്കൽ ലബോറട്ടറീസ്, ബ്ലഡ് ബാങ്ക് എന്നിവ എല്ലാ താലൂക്ക് ജില്ലാ ആശുപത്രികളിലും ആരംഭിക്കുന്നതിന് ധനസഹായം നൽകിവരുന്നു.

അച്ചടി സംഘങ്ങളുടെ നവീകരണത്തിനായി ധനസഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ ഇവയ്ക്കുള്ള വായ്പാ ധനസഹായം

സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയുടെ കമ്പ്യൂട്ടർവൽക്കരണം, കോർ ബാങ്കിംഗ്, എ.ടി.എം. സംവിധാനം, സാങ്കേതിക നവീകരണം, ആധുനിക സാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്ക് ധനസഹായം നൽകിവരുന്നു.

ആർ.ഐ.ഡി.എഫ്. സഹായ പദ്ധതി

പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട് ആരോഗ്യം, വിപണനം മുതലായ പദ്ധതികൾക്കുവേണ്ടി ധനസഹായം നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കർഷക സേവന കേന്ദ്രം

കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി 2012-13 മുതൽ ബ്ലോക്ക്തലത്തിൽ സഹകരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ സ്ഥാപിച്ചിട്ടുള്ള കർഷക സേവന കേന്ദ്രങ്ങളിൽ വിജയം കൈവരിച്ച കേന്ദ്രങ്ങൾക്ക് നൂതന പ്രവർത്തനങ്ങൾക്ക് പദ്ധതി അടിസ്ഥാനത്തിൽ സഹായം നൽകിവരുന്നു.

എൻ.സി.ഡി.സി. പദ്ധതി

പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങൾ, മൊത്ത വ്യാപാര സ്റ്റോറുകൾ/ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള ധനസഹായം

പ്രസ്തുത പദ്ധതി പ്രകാരം ആരോഗ്യം, ആശുപത്രി, ടൂറിസം, വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റുമായി സഹായം നൽകിവരുന്നു. അതോടൊപ്പം തന്നെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ഉൾപ്പെടെയുള്ള വായ്പാ സംഘങ്ങൾക്ക് കാർഷിക വായ്പാ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ധനസഹായം നൽകിവരുന്നു.

(ബി) വിവിധ സംസ്ഥാന പദ്ധതികളിലും എൻ.സി.ഡി.സി. പദ്ധതികളിലും ഉൾപ്പെടുത്തി ആവശ്യമായ ധനസഹായങ്ങൾ സംഘങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്.

(സി) അർഹതപ്പെട്ട അപേക്ഷകൾ ലഭിക്കുന്നപക്ഷം പരിശോധിക്കാവുന്നതാണ്.

സഹകരണ സംഘങ്ങൾക്കായി കർമ്മ പദ്ധതികൾ

105 (450) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സഹകരണ സംഘങ്ങളുടെ സുസ്ഥിരവളർച്ചയ്ക്കും കാര്യക്ഷമതയ്ക്കും എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് വിശദമാക്കാമോ ;